## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2836.** **17.06.2019 ൽ മറുപടിയ്ക്ക്**

## ഓൺലൈൻ ഭക്ഷണ വിതരണ ജീവനക്കാരുൾപ്പെട്ട ലഹരിമരുന്ന് വ്യാപാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലയിലെ ജീവനക്കാർ ലഹരിമരുന്ന് കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എക്സൈസ് വകുപ്പ് എത്ര പേരെ പിടികൂടി; | (ബി) | 4 പേരെ പിടികൂടിയിട്ടുണ്ട്. |
| (സി) | ഇവരിൽ നിന്നും എത്ര തുകയുടെ ഏതൊക്കെ ലഹരിവസ്തുക്കൾ പിടികൂടി; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉദ്ദേശം 10 ലക്ഷം രൂപ വിലമതിക്കുന്ന ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ട്. (320 ഗ്രാം ഹാഷിഷ്, 95 ഗ്രാം ചരസ്സ്, 6 ഗ്രാം എം.ഡി.എം.എ, 1.85 കി.ഗ്രാം കഞ്ചാവ്). |
| (ഡി) | ഫുഡ് ഡെലിവറി ഏജന്റുമാർ ഇത്തരത്തിൽ ലഹരിമരുന്ന് കടത്തുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഫുഡ് ഡെലിവറി ഏജന്റ് ആയി പ്രവർത്തിക്കുന്നവരുടെ പേരും വാഹനത്തിന്റെ നമ്പർ, മൊബൈൽ ഫോൺ നമ്പർ, വാഹനത്തിന്റെ മോഡൽ, തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കൂടാതെ ഷാഡോ എക്സൈസിനെ നിയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**